# പെരുമ്പടപ്പ ഈസ്റ്റ് യു.പി. സ്കൂൾ

ചെന്ത്രാപ്പിന്നി, കണ്ണംപുള്ളിപ്പുറം പി.ഒ.
പിൻ: 680687, ഫോൺ: 0480 2873456

email: peupschool@ gmail.com

വാർഡ് : 15

| | |
|---|---|
| സി.ആർ.സി | : ഗവ. എൽ.പി.എസ്. പെരുമ്പടപ്പ |
| പഞ്ചായത്ത് | : എടത്തിരുത്തി |
| ബ്ലോക്ക് | : മതിലകം |
| വിദ്യാഭ്യാസ ജില്ല | : ചാവക്കാട് |
| ഉപജില്ല | : വലപ്പാട് |
| ജില്ല | : തൃശൂർ |

## ആമുഖം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ അടിസ്ഥാന നിർവഹണ ഘടകം വിദ്യാലയമാണ്. പൊതുവിദ്യാഭ്യാസ സംരക്ഷ യജ്ഞത്തിന്റെ പ്രധാന ലക്ഷ്യം ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക എന്നതാണ്.

അക്കാദമിക മികവാണ് വിദ്യാലയത്തിന്റെ മികവ് എന്ന ആശയത്തിലൂന്നിയായിരിക്കണം അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കേണ്ടത്. വിദ്യാലയത്തിലെ മുഴുവൻ കുട്ടികളുടെയും അക്കാദമിക മികവിനുള്ള വഴികൾ വരച്ച് കാട്ടും ഈ അക്കാദമിക് പ്ലാൻ.

## പൊതുലക്ഷ്യങ്ങൾ

* സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ച് എന്ന് ഉറപ്പ് വരുത്തും.

* കുട്ടികളുടെ സർഗപരവും അക്കാദമികവും കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് ശ്രദ്ധയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കും.

* അക്കാദമിക് മികവിന് ഉപകരിക്കുന്ന വിധത്തിൽ ലാബുകൾ നവീകരിച്ച് കുട്ടികളെ ശാസ്ത്രപരീക്ഷണങ്ങളിൽ പങ്കാളികളാക്കും

* എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് അനായാസം കൈകാര്യം ചെയ്യാൻ സാധിക്കുന്ന വിധം പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യും.

## സ്കൂൾ അഭിമുഖീകരിക്കുന്ന പ്രധാന പരിമിതികൾ

- ലാബ്, ലൈബ്രറി എന്നിവയ്ക്ക് മതിയായ സൗകര്യങ്ങളുള്ള കെട്ടിടങ്ങൾ ഇല്ല.
- സ്റ്റാഫ് റൂം ഇല്ല
- ഭക്ഷണശാല ഇല്ല
- എല്ലാ ക്ലാസ് മുറികളും അടച്ചുറപ്പില്ല.
- സ്മാർട്ട് ക്ലാസ് മുറികളുടെ അഭാവം
- ആകർഷകമായ വിധത്തിൽ പൂന്തോട്ടം, ജൈവ വൈവിധ്യപാർക്ക് എന്നിവ നിർമ്മിക്കേണ്ടതുണ്ട്.
- സ്പെഷലിസ്റ്റ് അധ്യാപകരുടെ അഭാവം

# സമഗ്രഗുണമേന്മാ വിദ്യാലയവികസനരേഖ

## ആമുഖം

പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുക എന്ന ഉദ്ദേശത്തോടെ വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ കാഴ്ച വെക്കുന്നതിന് വിദ്യാലയത്തേയും ഇവിടെ നടക്കുന്ന പ്രവർത്തനങ്ങളേയും സമഗ്രമായി പരീക്ഷിക്കുകയും അതിനനുസൃതമായി പരിപാടികൾ ആസൂത്രണം ചെയ്യുകയും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടേയും രക്ഷാകർത്താക്കളുടേയും വിദ്യാഭ്യാസ പ്രവർത്തകരുടേയും അധ്യാപകരുടേയും ഒത്തൊരുമിച്ച പ്രവർത്തനങ്ങളുടെ സാന്നിദ്ധ്യം കൊണ്ട് അക്കാദമിക ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്താനും സമൂഹപങ്കാളിത്തം ഉറപ്പാക്കാനും വികസനരേഖ ഉതകുമാറട്ടെ.

### ലക്ഷ്യം

*വിദ്യാലയപ്രവർത്തനങ്ങൾ സുഗമമാക്കുക

*വിദ്യാലയത്തെക്കുറിച്ചുള്ള പൊതുവായ ധാരണ

*വിദ്യാലയത്തിലെ മുഴുവൻ കുട്ടികൾക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം പ്രദാനം ചെയ്യുക

*അക്കാദമിക ഭൗതിക സാഹചര്യങ്ങളുടെ മികവിന്

### വിദ്യാലയത്തിന്റെ ലഘുചരിത്രം

തൃശ്ശൂർ ജില്ലയിൽ കയ്പമംഗലം നിയോജകമണ്ഡലത്തിലെ എടുത്തിരുത്തി ഗ്രാമപഞ്ചായത്തിൽ XV-ാംവാർഡിൽ SNDP യോഗം കൊല്ലം മാനേജ്മെന്റിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്നു. ഈ വിദ്യാലയം 1921ലാണ് സ്ഥാപിതമായത്. ഓലഷെഡോടുകൂടിയായിരുന്നു തുടക്കം. സ്ഥാപക മാനേജർ മാത്യു മാസ്റ്റർ ആയിരുന്നു. തുടർന്ന് വിദ്യാലയം കുമ്പളപ്പറമ്പിൽ കൃഷ്ണൻ മാസ്റ്റർക്ക് കൈമാറുകയുണ്ടായി. തുടർന്ന് മകൻ കുമ്പളപ്പറമ്പിൽ ഗോപാലൻ അവർകളുടെ മകൾ സുഗുണഭായ് മാഡമാണ് വിദ്യാലയം SNDP യോഗത്തിന് കൈമാറിയത്. തുടക്കത്തിൽ അഞ്ചാം ക്ലാസ്സുവരെയാണ് ഉണ്ടായിരുന്നത്. വിദ്യാലയത്തിന്റെ ജനറൽ മാനേജർ SNDP യോഗം ജനറൽ സെക്രട്ടറി ശ്രീ. വെള്ളാപ്പള്ളി നടേശനാണ്.

തുടർന്ന് 1957നുശേഷം എട്ടാം ക്ലാസ്സുവരെ (ESSLC) യായി ഉയർന്നു. ആയിരത്തിൽ താഴെ കുട്ടികൾ അക്കാലത്ത് പഠിച്ചിരുന്നു. ഈ മേഖലയിൽ എട്ടാംക്ലാസ്സുവരെയുള്ള വിദ്യാലയം ഇത് ഒന്നു മാത്രമേ ഉണ്ടായിരുന്നുള്ളൂ. അതുകൊണ്ടു തന്നെ വളരെ അകലങ്ങളിൽ നിന്നു പോലും കുട്ടികൾക്ക് പഠിക്കാനുള്ള ഏക ആശ്രയം ഈ വിദ്യാലയമായിരുന്നു. ആദ്യകാലത്ത് തുന്നൽ, നെയ്ത്ത്, ഡ്രോയിങ്, കായികം തുടങ്ങിയ വിഷയങ്ങൾ പഠിപ്പിച്ചിരുന്നു.

## വിദ്യാലയം മികവിന്റെ കേന്ദ്രം

കുട്ടികളുടെ പഠനനിലവാരം ഉയർത്തുന്നതിനും സ്കൂൾപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും എല്ലാ വ്യാഴാഴ്ച ദിവസങ്ങളിലും 4 മണിക്ക് ശേഷം SRG യോഗം ചേരാറുണ്ട്. പഠനശേഷികൾ കാര്യക്ഷമമായി വിനിയോഗിക്കുന്നതിനാവശ്യമായ ആരോഗ്യകരമായ ചർച്ചകൾ യോഗത്തിൽ നടക്കാറുണ്ട്. മാസാദ്യത്തിൽ CPTA ചേർന്ന് മുൻമാസത്തെ അവലോകനവും കുട്ടികളുടെ പഠനനേട്ടങ്ങളിലെ തെളിവുകൾ പരിശോധിച്ച് ബോദ്ധ്യപ്പെടുത്തലും അടുത്തമാസം ചെയ്യേണ്ടതായ പ്രവർത്തനങ്ങളെക്കുറിച്ച് രൂപം നൽകാറുണ്ട്. ക്ലാസ്സ് തലത്തിൽ ഓരോ യൂണിറ്റ് കഴിയുമ്പോളും യൂണിറ്റ് ടെസ്റ്റുകൾ നടത്തി കുട്ടികളുടെ പഠനനിലവാരം പരിശോധിക്കുകയും പോരായ്മകളും മികവുകളും കുട്ടികളേയും രക്ഷിതാക്കളെയും ബോദ്ധ്യപ്പെടുത്തുകയും ചെയ്യുന്നു. യഥാസമയം പാഠപുസ്തക ലഭ്യത ഉറപ്പുവരുത്താൻ പ്രത്യേകം ശ്രദ്ധിക്കുന്നു.

കുട്ടികളുടെ പഠനനിലവാരം മികവുറ്റതാക്കുന്നതിനും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനാവശ്യമായ സൗകര്യങ്ങൾ ഒരുക്കാൻ മാനേജ്മെന്റ് , പി.ടി. എ, എം.പിടി.എ., ഒ.എസ്.എ., തുടങ്ങിയവരുടെ പങ്കാളിത്തവും മാർഗ്ഗനിർദ്ദേശങ്ങളും വിലപ്പെട്ടതാകാറുണ്ട്. അതുകൊണ്ടുതന്നെ അൺ എയ്ഡഡ് വിദ്യാലയങ്ങൾ തൊട്ടടുത്ത് പ്രവർത്തിക്കുമ്പോൾ തന്നെയും പഠനനിലവാരവും, ഗുണനിലവാരവും മനസ്സിലാക്കി കുട്ടികളെ വിദ്യാലയത്തിലെത്തിക്കാൻ ഒ.എസ്.എ., പി.ടി.എ അംഗങ്ങൾ ജാഗ്രത കാണിക്കുന്നു.

വിദ്യാലയത്തിന്റെ മികവുള്ള പ്രവർത്തനങ്ങൾക്ക് എല്ലാവരുടേയും മികവാർന്ന സഹായങ്ങൾ നിലവിൽ ഉണ്ടാകാറുണ്ട്.

ഭാഷാശേഷി വികസനം, വായനാപരിപോഷണം എന്നീ ലക്ഷ്യങ്ങൾക്കുവേണ്ടി പ്രത്യേകം അക്ഷരക്ലാസ്സുകൾ അധ്യാപകരുടെ നേതൃത്വത്തിൽ നടത്തുന്നു. വായ

തുടർന്ന് 1957നുശേഷം എട്ടാം ക്ലാസ്സുവരെ (ESSLC) യായി ഉയർന്നു. ആയിരത്തിൽ താഴെ കുട്ടികൾ അക്കാലത്ത് പഠിച്ചിരുന്നു. ഈ മേഖലയിൽ എട്ടാംക്ലാസ്സുവരെയുള്ള വിദ്യാലയം ഇത് ഒന്നു മാത്രമേ ഉണ്ടായിരുന്നുള്ളു. അതുകൊണ്ടുതന്നെ വളരെ അകലങ്ങളിൽ നിന്നു പോലും കുട്ടികൾക്ക് പഠിക്കാനുള്ള ഏക ആശ്രയം ഈ വിദ്യാലയമായിരുന്നു. ആദ്യകാലത്ത് തുന്നൽ, നെയ്ത്ത്, ഡ്രോയിങ്, കായികം തുടങ്ങിയ വിഷയങ്ങൾ പഠിപ്പിച്ചിരുന്നു.

## വിദ്യാലയം മികവിന്റെ കേന്ദ്രം

കുട്ടികളുടെ പഠനനിലവാരം ഉയർത്തുന്നതിനും സ്കൂൾപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും എല്ലാ വ്യാഴാഴ്ച ദിവസങ്ങളിലും 4 മണിക്ക് ശേഷം SRG യോഗം ചേരാറുണ്ട്. പഠനശേഷികൾ കാര്യക്ഷമമായി വിനിയോഗിക്കുന്നതിനാവശ്യമായ ആരോഗ്യകരമായ ചർച്ചകൾ യോഗത്തിൽ നടക്കാറുണ്ട്. മാസാദ്യത്തിൽ CPTA ചേർന്ന് മുൻമാസത്തെ അവലോകനവും കുട്ടികളുടെ പഠനനേട്ടങ്ങളിലെ തെളിവുകൾ പരിശോധിച്ച് ബോദ്ധ്യപ്പെടുത്തലും അടുത്തമാസം ചെയ്യേണ്ടതായ പ്രവർത്തനങ്ങളെക്കുറിച്ച് രൂപം നൽകാറുണ്ട്. ക്ലാസ്സ് തലത്തിൽ ഓരോ യൂണിറ്റ് കഴിയുമ്പോളും യൂണിറ്റ് ടെസ്റ്റുകൾ നടത്തി കുട്ടികളുടെ പഠനനിലവാരം പരിശോധിക്കുകയും പോരായ്മകളും മികവുകളും കുട്ടികളേയും രക്ഷിതാക്കളേയും ബോദ്ധ്യപ്പെടുത്തുകയും ചെയ്യുന്നു. യഥാസമയം പാഠപുസ്തക ലഭ്യത ഉറപ്പുവരുത്താൻ പ്രത്യേകം ശ്രദ്ധിക്കുന്നു.

കുട്ടികളുടെ പഠനനിലവാരം മികവുറ്റതാക്കുന്നതിനും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനാവശ്യമായ സൗകര്യങ്ങൾ ഒരുക്കാൻ മാനേജ്മെന്റ് , പി.ടി.എ, എം.പിടി.എ., ഒ.എസ്.എ., തുടങ്ങിയവരുടെ പങ്കാളിത്തവും മാർഗ്ഗനിർദ്ദേശങ്ങളും വിലപ്പെട്ടതാകാറുണ്ട്. അതുകൊണ്ടുതന്നെ അൺ എയ്ഡഡ് വിദ്യാലയങ്ങൾ തൊട്ടടുത്ത് പ്രവർത്തിക്കുമ്പോൾ തന്നെയും പഠനനിലവാരവും, ഗുണനിലവാരവും മനസ്സിലാക്കി കുട്ടികളെ വിദ്യാലയത്തിലെത്തിക്കാൻ ഒ.എസ്.എ., പി.ടി.എ അംഗങ്ങൾ ജാഗ്രത കാണിക്കുന്നു.

വിദ്യാലയത്തിന്റെ മികവുള്ള പ്രവർത്തനങ്ങൾക്ക് എല്ലാവരുടേയും മികവാർന്ന സഹായങ്ങൾ നിലവിൽ ഉണ്ടാകാറുണ്ട്.

ഭാഷാശേഷി വികസനം, വായനാപരിപോഷണം എന്നീ ലക്ഷ്യങ്ങൾക്കുവേണ്ടി പ്രത്യേകം അക്ഷരക്ലാസ്സുകൾ അധ്യാപകരുടെ നേതൃത്വത്തിൽ നടത്തുന്നു. വായ

ന പരിപോഷിപ്പിക്കുന്നതിന് ലൈബ്രറി പുസ്തകങ്ങൾ ആഴ്ചയിൽ മാറി നൽകു ന്നു. ഇംഗ്ലീഷ് പഠനം പരിപോഷിപ്പിക്കുന്നതിന് ":Speak better English" എന്ന പ്രവർത്തനം വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ കമ്പ്യൂട്ടറിൽ Spoken English ക്ലാസ്സ് നടത്തിവരുന്നു.

<u>നേട്ടങ്ങൾ</u>

സ്കൂളിലെ മുഴുവൻ കുട്ടികളും ഭാഷാവിഷയങ്ങളിൽ ഉയർന്ന നിലവാരം പുലർത്തുകയും ഇംഗ്ലീഷ്, മലയാളം എന്നീ വിഷയങ്ങൾ നല്ലതുപോലെ വായിക്കു കയും ചെയ്യുന്നുണ്ട്. ഗണിതത്തിന്റെ അടിസ്ഥാന ആശയങ്ങളിലും ഒരു വിധം കുട്ടികൾ നല്ല നിലവാരം പുലർത്തുന്നു.

ജില്ലാതലത്തിൽ സാമൂഹ്യ-ശാസ്ത്ര-ഗണിത, കലാ-ശാസ്ത്ര മേളകളിൽ നല്ല നിലവാരം പുലർത്താറുണ്ട്.

1 മുതൽ 7 വരെ ക്ലാസ്സിലെ എല്ലാകുട്ടികൾക്കും കമ്പ്യൂട്ടർ പ്രാവീണ്യം ലഭിക്കു ന്നുണ്ട്.

<u>നിലവിലെ അവസ്ഥ</u>

- ഭൗതികം
- പുതിയ ഇരുനിലകെട്ടിടം കോൺക്രീറ്റ് ചെയ്തത്
- ഒന്നാം ക്ലാസ്സ് ഒന്നാം തരം ആക്കി വർണ്ണാഭമായ ക്ലാസ്സ് മുറി
- കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകുന്നതിന് വേണ്ടി പ്രത്യേകം പുക യില്ലാത്ത അടുപ്പും സ്റ്റോർ റൂമും മാനേജർ പണി കഴിപ്പിച്ചിട്ടുണ്ട്.
- വിശാലമായ കളിസ്ഥലം ഉണ്ട്
- സ്കൂളിന് ചുറ്റുമതിൽ, ഗേറ്റ് ഉണ്ട്.
- ഉല്ലാസം നൽകുന്നതിന് ഊഞ്ഞാൽ ഉണ്ട്
- ആവശ്യത്തിന് ക്ലാസ്സ്മുറികൾ ഉണ്ട്
- ഓഫീസ് റൂം ഉണ്ട്
- കമ്പ്യൂട്ടർ റൂം ഉണ്ട്
- ലൈബ്രറി, ലബോറട്ടറി താൽക്കാലികം മാത്രം

- ടോയ്‌ലറ്റ് ഉണ്ട്. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും 5 മുറികളോടുകൂടിയത് സർക്കാർ പണിതത് ഉണ്ട്.
- കുടിവെള്ള വിതരണം ഉണ്ട്.
- പോഷകഗുണം ഉള്ള ഭക്ഷണം നൽകുന്നു.
- പ്രീ-പ്രൈമറി ക്ലാസ്സുകൾ കാര്യക്ഷമമായി നടക്കുന്നു.

<u>അക്കാദമികം</u>

- ☐ ഭാഷാശേഷി വികസനം– അക്ഷരക്ലാസ്സ്
- ☐ ~~ഇംഗ്ലീഷ് പഠനപരിപോഷണം – Speak better English" എന്ന Spoken English വിവരസാങ്കേതികവിദ്യയുടെ സഹായത്തോടെ നടത്തുന്നു~~
- ☐ വായന പരിപോഷണം – ലൈബ്രറി വിതരണം ചെയ്യുന്നു. വിവിധ പത്രങ്ങൾ, മാസികകൾ
- ☐ പഠനയാത്രകൾ നടത്തുന്നുണ്ട്.
- ☐ പച്ചക്കറിത്തോട്ടം നടത്തുന്നു.
- ☐ ടേം മൂല്യനിർണ്ണയം, നിരന്തരം വിലയിരുത്തൽ നടത്തുന്നു. യുണിറ്റ് ടെസ്റ്റ്
- ☐ ദിനാചരണങ്ങൾ ആചരിക്കുന്നു
- ☐ ആരോഗ്യക്ലാസ്സുകൾ നടത്താറുണ്ട്
- ☐ സ്കൂൾ കാലാ കായികമേള നടത്തുന്നു
- ☐ സ്കൂൾ ശാസ്ത്ര – ഗണിത ശാസ്ത്രമേള നടത്തുന്നുണ്ട്.
- ☐ സബ്ജില്ലാ തല മത്സരങ്ങളിൽ കുട്ടികളെ പങ്കെടുപ്പിച്ച് സമ്മാനങ്ങൾ നേടുന്നുണ്ട്.
- ☐ ശക്തമായ SRG നടത്തുന്നു
- ☐ CPTA എല്ലാമാസവും നടത്തുന്നു.
- ☐ ടൈംടേബിൾ പ്രകാരം പ്രത്യേക അധ്യാപിക PTA യുടെ നേതൃത്വത്തിൽ കമ്പ്യൂട്ടർ പരിശീലനം ചെയ്യിക്കുന്നു.
- ☐ എല്ലാ കുട്ടികളെയും ഉൾപ്പെടുത്തിക്കൊണ്ട് സ്കൂൾ ആനിവേഴ്സറി

നടത്തുന്നു

- എല്ലാ അധ്യാപകരും അധ്യാപക ശാക്തീകരണത്തിൽ പങ്കെടുക്കുന്നു.
- വിവിധ ക്ലബ്ബുകൾ, ഗണിതം, ശാസ്ത്രം, മലയാളം
- ഹിന്ദി, ഇംഗ്ലീഷ്, ആരോഗ്യം, പരിസ്ഥിതി, കാർഷികം
- ഗാന്ധിദർശൻ, സാമൂഹ്യം എന്നീ ക്ലബ്ബ് പ്രവർത്തനങ്ങൾ അധ്യാപകരുടെ നേതൃത്വത്തിൽ നടത്തുന്നു.
- പി.ടി.എ. , എം. പി.ടി.എ. എസ്.എച്ച്. ജി , ഉച്ചഭക്ഷണ കമ്മറ്റി എല്ലാ മാസത്തിലും യോഗം ചേരുന്നു
- സ്കൗട്ട്, ഗൈഡ് യൂണിറ്റുകൾ പ്രവർത്തിക്കുന്നു.

## പരിമിതികൾ

- പ്രത്യേകിച്ച് സ്റ്റാഫ് റൂമില്ല
- സ്മാർട്ട് ക്ലാസ് റൂം ഇല്ല. അതിന്റേതായ സൗകര്യങ്ങളില്ല.
- ഭക്ഷണശാല ഇല്ല
- ആവശ്യമായ ക്ലാസ് റൂമുകൾ ഉണ്ടെങ്കിലും ചിലതിന് അടച്ചുറപ്പില്ല
- ലൈബ്രറി , റീഡിങ്ങ് റൂം, വിവിധ ലാബുകൾ എന്നിവ ഇല്ല

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

- എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് അനായാസം കൈകാര്യം ചെയ്യാൻ സാധിക്കുക
- ക്ലാസ്സ്റൂം ചുമരുകൾ വർണ്ണാഭമാക്കുക
- സ്കൂളിന്റെ പരിസരം മോടിപിടിപ്പിക്കുക
- യോഗ–കരാട്ടെ ക്ലാസ്സുകൾ സംഘടിപ്പിക്കുക
- രക്ഷിതാക്കൾക്കും കുട്ടികൾക്കും കൗൺസിലിങ്ങ് ക്ലാസ്സ്
- എല്ലാ ക്ലാസ്സിലും ICT സാധ്യത
- ആധുനികവൽക്കരിക്കപ്പെട്ട വായനശാലയും ലബോറട്ടറിയും ഗണിത ലാബും
- എല്ലാ കുട്ടികൾക്കും ഒരുമിച്ചിരുന്ന് ഭക്ഷണം കഴിക്കാവുന്ന ഭക്ഷണശാല
- ലഘുസാമഗ്രികൾ കൊണ്ടുള്ള പാർക്ക്

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025 - 2026

| ക്ലാസ്സ് | [illegible] | പ്രവർത്തനങ്ങൾ | ലക്ഷ്യം | കാലയളവ് | ചുമതല | ചെലവ് |
|---|---|---|---|---|---|---|
| 1 | [illegible] | 1) ഭാഷ കളരി : കുട്ടികളിൽ പാട്ടുകളും കഥകളുമായി കുട്ടി കൂട്ടങ്ങൾ സംഘടിപ്പിക്കൽ | അടിസ്ഥാന ഭാഷാശേഷി വികസനം | സെപ്റ്റംബർ, ഒക്ടോബർ | ക്ലാസ് ടീച്ചർ, സ്കൂൾ വികസന സമിതി, SRG | PTA |
| | | 2) അമ്മ പറയട്ടെ: അമ്മമാർ കുട്ടിക്കഥകൾ അവതരിപ്പിക്കണം. | | ജൂലൈ, ഡിസംബർ, ജനുവരി | ക്ലാസ് ടീച്ചർ, MPTA | MPTA |
| 2 | [illegible] | 1) എഴുത്തും വരയും : ലഘു രചനയിലേക്ക് നയിക്കുന്ന രചന ക്യാമ്പുകൾ. 2) ലഘു പതിപ്പുകൾ തയ്യാറാക്കൽ. | ഉചിതമായ വ്യവഹാര രൂപങ്ങളിലൂടെ ലേഖന മികവ്. | ഒക്ടോബർ, നവംബർ, ഡിസംബർ | SRG, ക്ലബ്ബുകൾ, MPTA, സ്റ്റാഫ്. | PTA |
| | | 3) രചന ശില്പശാല: കഥ, കവിത രചനകൾക്കുള്ള വേദിയൊരുക്കൽ. | സർഗ്ഗാത്മകതയെ തട്ടിയുണർത്താം. | ഡിസംബർ, ജനുവരി | അധ്യാപകർ, ക്ലബ്ബുകൾ, പ്രമുഖ വ്യക്തികൾ | PTA |
| | [illegible] | 1) കവികളെ കുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശനം 2) പുസ്തക ശേഖരണവും പ്രദർശന | സാഹിത്യ പ്രതിഭകളെ അടുത്തറിയാം | ജൂൺ | അധ്യാപകർ | |

| | | | | | | |
|---|---|---|---|---|---|---|
| 3 | [illegible] | വും<br>3) ചിത്രഗാലറി<br>4) പൊതുസമൂഹവുമായി ബന്ധപ്പെട്ട് പുസ്തക ശേഖരണം<br>5) വായനക്കളരി<br>6) നാട്ടുവായന - പ്രാദേശിക എഴുത്തുകാരുമായുള്ള സംവാദം | വായനാ പരിപോഷണം | ജൂൺ മുതൽ ഡിസംബർ വരെ<br>ജനുവരി<br>നവംബർ<br>ആഴ്ചയിൽ<br>ആഗസ്റ്റ് | അധ്യാപകർ<br>MPTA, ക്ലബ്ബുകൾ<br>വായനശാല<br>അധ്യാപകർ<br>ക്ലബ്ബുകൾ, സാഹിത്യ ക്ലബ്ബ് | ക്ലബ്<br>വായനശാല |
| 4 | മധുരം മലയാളം | 1) ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ, ആവശ്യമായ സാമഗ്രികൾ ഒരുക്കൽ.<br>2) ക്ലാസ് വായന മുറ്റം :- ക്ലാസ് ലൈബ്രറി ഒരുക്കൽ, പുസ്തക പരിചയം, വായനാക്കുറിപ്പ്, ആസ്വാദന കുറിപ്പ്, പുസ്തക സംവാദം, | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ലക്ഷ്യം നേടുന്നതു വരെ | SRG<br>ക്ലാസ് ടീച്ചർ | PTA<br>PTA<br>PTA |

| | | | | | | |
|---|---|---|---|---|---|---|
| | [illegible] | ആനുകാലിക വായന.<br><br>3) പാഠഭാഗങ്ങളിൽ നിന്നും പഠന പ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | | ഒരു വർഷം | SRG | |
| | | 4) സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | വായനശേഷി വളർത്തൽ | ജൂൺ മുതൽ ഫെബ്രുവരി വരെ | HM, SRG, ക്ലാസ്സ് ടീച്ചർ, CPTA | |
| | [illegible] | | | | | PTA |
| | | | | | SRG, ക്ലാസ് ടീച്ചർ | PTA |
| | | | എഴുത്ത് പരിപോഷിപ്പിക്കൽ | ആവശ്യാനുസരണം | | |
| | [illegible] | 1) എന്റെ അവധിക്കാലം: പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ(കഥ, കവിത, യാത്രാവിവരണം, അനുഭവക്കുറിപ്പ്) | ലേഖനശേഷി വർദ്ധിപ്പിക്കൽ - സാഹിത്യകാരന്മാരെ അടുത്തറിയൽ | | ക്ലാസ് ടീച്ചർ | PTA |

| | | | | | | |
|---|---|---|---|---|---|---|
| 5,6,7 | [illegible] | അവതരിപ്പിക്കുന്നു. | | | മലയാളം അധ്യാപകർ | |
| | | 2) ഭാഷാ കേളി : അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി, ആസ്വാദനം എന്നിവ വളർത്തുന്നു. | ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. ആശയ സംവേദന നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാർഥരാക്കക. | ജൂൺ | | |
| | | 3) വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്: അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകൾ ഉപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം | | ജൂൺ | മലയാളം അധ്യാപകർ | |
| | | 4) വാർത്താലോകത്തേക്ക്: പത്രം, ആഴ്ചപ്പതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | | ജൂൺ | മലയാളം അധ്യാപകർ | മലയാളം ക്ലബ് |
| | | 5) വാർത്ത | | | | |

| | | | | | | |
|---|---|---|---|---|---|---|
| | | വായന :- നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെക്കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു. അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്, സ്കൂൾ, ലൈബ്രറി പുസ്തകം എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു.<br>6) സംവാദം/ മുഖാമുഖം:- സാഹിത്യകാരന്മാർ എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | പഠിതാവിൻ അർത്ഥപൂർണ്ണമായ വായന ഉറപ്പുവരുത്തുക | എല്ലാ ദിവസവും<br>പ്രതിമാസം | മലയാളം അദ്ധ്യാപകർ<br>മലയാളം ക്ലബ്ബ് | PTA<br>PTA |

| | | | | | | |
|---|---|---|---|---|---|---|
| | | 7) ഇ-കമ്പ്യൂട്ടറിങ്:- മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടറിൽ പരിശീലിപ്പിക്കുകയും ഇ-മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. മുഴുവൻ പഠിതാക്കളുടെയും സർഗാത്മക രചനകൾ ഉൾക്കൊള്ളിച്ചുകൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു.<br><br>8) രംഗാവിഷ്കാരം :- പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽകാഴ്ചകൾ, ലഘു നാടകങ്ങൾ ഇടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. വിദഗ്ധരായ നാടക കലാകാരന്മാരെയും മറ്റ് കലാകാരന്മാരെയും പങ്കെടുപ്പിച്ചുകൊണ്ട് | 3) സാഹിത്യകൃതികളോടും സാഹിത്യകാരന്മാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ<br><br>4) മലയാളം കമ്പ്യൂട്ടർ പരിജ്ഞാനം നേടിയെടുക്കലും സർഗാത്മക ശേഷി വളർത്തലും | HM, മലയാളം അധ്യാപകർ | മലയാളം ക്ലബ്<br><br>PTA<br><br>മലയാളം ക്ലബ്, IT ടീച്ചർ | |

| | | | | | | |
|---|---|---|---|---|---|---|
| | | ശിൽപ്പശാലകൾ നടത്തുന്നു | | മലയാളം, ഐടി അധ്യാപകർ, | | |
| | | | 5) പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | മലയാളം അധ്യാപകർ<br>ഒരു വർഷം | PTA, സ്കൂൾ | |

| | | | | | | |
|---|---|---|---|---|---|---|
| 1 | മേഖല :അക്കാദമികം<br>ഉപമേഖല :പരിസര പഠനം | 1) ഭക്ഷ്യമേള - പ്രദർശനം നാടൻ വിഭവങ്ങൾ ഉപയോഗിച്ചുള്ള പാചകവും രുചി അറിവും<br><br>2) പുഷ്പോദ്യാനം, ഔഷധ തോട്ടം, | 1) ആഹാര ശീലങ്ങളും ഭക്ഷണ വസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിവ്<br><br>2) പ്രകൃതിയെ അറിയുന്നതിനും ആസ്വദിക്കുന്നതിനും | ജൂൺ മുതൽ ആഗസ്റ്റ് വരെ<br><br>ഡിസംബർ, ജനവരി | ക്ലാസ് ടീച്ചർ | ക്ലാസ് ടീച്ചർ |
| 2 | മേഖല :അക്കാദമികം<br>ഉപമേഖല: പരിസര പഠനം | 1) ശുചിത്വ സർവ്വേ ക്ലാസുകൾ, പോസ്റ്റർ രചന മത്സരം, അവതരണം<br><br>2) പ്രകൃതി നടത്തം, കാട്ടു ബംഗ്ലാവിലേക്ക്<br><br>3) കർഷകരുമായി അഭിമുഖം, കൃഷിയിടത്തിലേക്ക് | 1) ശുചിത്വബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന്<br>2) പ്രകൃതിയെ അറിയാൻ<br><br>3) നാട് അറിയാൻ- നാട്ടറിവുകൾ -<br><br>1) | ജൂൺ, ജൂലൈ<br><br>സെപ്റ്റംബർ, ഡിസംബർ, ജനവരി | SRG<br><br>ക്ലാസ് ടീച്ചർ<br><br>അധ്യാപകർ<br><br>നാട്ടുകാർ | സ്കൂൾ വികസന സമിതി<br><br>രക്ഷിതാക്കൾ |

| | | | | | | |
|---|---|---|---|---|---|---|
| | | | ശാസ്ത്രബോധം വളർത്തുക | | | |
| 3 | മേഖല: അക്കാദമികം<br>ഉപമേഖല: പരിസര പഠനം | 1) കണ്ടെത്താൻ അറിയാം, ലഘുപരീക്ഷണങ്ങൾ കണ്ടെത്തുന്നു, കുറിപ്പ് തയ്യാറാക്കുന്നു. | പ്രകൃതി വിഭവ സംരക്ഷണം | ജൂൺ മുതൽ ആഗസ്റ്റ് വരെ | ശാസ്ത്ര അധ്യാപിക | |
| | | 2) ജൈവവൈവിധ്യ പാർക്ക്, തടയണ, മഴക്കുഴി നിർമ്മാണം .ജലസ്രോതസ്സുകൾ -പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിലെ പങ്കാളിത്തം | | ജൂലൈ,ഡിസംബർ | ശാസ്ത്ര അധ്യാപിക | |
| | | 3) ശാസ്ത്ര പ്രതിഭകളെ അടുത്തറിയാം. പരീക്ഷണം വീട്ടിനകത്തും ,ശാസ്ത്ര മാസികകൾ | 3) ശാസ്ത്ര പരീക്ഷണങ്ങളിൽ താല്പര്യം ജനിപ്പിക്കൽ | ഫെബ്രുവരി | ശാസ്ത്ര അധ്യാപിക | |
| | | 1) പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ<br>2) ശാസ്ത്ര പഠനത്തിന് ആവശ്യമായ സാമഗ്രികൾ ഒരുക്കൽ, | 1) നിരീക്ഷണം - അറിവ് നിർമ്മാണം<br>2) ശാസ്ത്ര പഠനം ലളിതവും രസകരവും ആക്കൽ | വർഷം മുഴുവൻ | ശാസ്ത്ര അധ്യാപിക | |

| | | | | | | |
|---|---|---|---|---|---|---|
| 4 | മേഖല: അക്കാദമികം<br>ഉപമേഖല: പരിസരപഠനം | പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ<br>3) ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ,ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | 3) ശാസ്ത്ര പഠനം രസകരമാക്കൽ | വർഷം മുഴുവൻ | ശാസ്ത്ര അധ്യാപിക | |
| | | 4) ശാസ്ത്ര പതിപ്പ് ചാർട്ട് ആൽബം പഠനോപകരണം പരീക്ഷണം ഇവയുടെ പ്രദർശനം | 4) ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | വർഷം മുഴുവൻ | ശാസ്ത്ര അധ്യാപിക | |
| | | 1)തോട്ടനിർമ്മാണം - കൃഷിയോടുള്ള താല്പര്യം വളർത്തൽ | 1) ഓണത്തിന് പൂവും പച്ചക്കറിയും | ഫെബ്രുവരി | ശാസ്ത്ര അധ്യാപിക | |
| | | 2) സ്കൂളും പരിസരവും വൃത്തിയാക്കൽ- വ്യക്തി ശുചിത്വം പോലെ തന്നെ പ്രാധാന്യമേറിയതാണ് പരിസര ശുചിത്വവും | 2) വ്യാധികൾ പടരാതിരിക്കാൻ - സ്കൂളും പരിസരവും മാലിന്യവിമുക്തമാക്കുക | ജൂൺ മുതൽ ഓഗസ്റ്റ് വരെ | PTA, സയൻസ് ക്ലബ് | |
| 5 | ബേസിക് സയൻസ് | 1) ഭക്ഷ്യമേള - വിവിധ നാടൻ വിഭവങ്ങൾ തയ്യാറാക്കൽ പാനീയങ്ങ | | ഒരു വർഷം | PTA, സയൻസ് | |

| | | | | | | |
|---|---|---|---|---|---|---|
| | | ൾ തയ്യാറാക്കൽ<br>2) കാന്തങ്ങൾ ഉപയോഗിച്ച് വിവിധ കളിപ്പാട്ടങ്ങൾ നിർമ്മിക്കുന്നു. | 1) നമ്മുടെ ആഹാരത്തിന് നല്ല ആഹാര ശീലങ്ങൾ പാലിക്കേണ്ടതാണ് | | ക്ലബ്ബ് | |
| | | 3) പ്രഥമ ശുശ്രൂഷ സ്കിറ്റ് അവതരണം | 2) കാലത്തിന്റെ പ്രത്യേകതകൾ മനസ്സിലാക്കി പുതിയവ കണ്ടെത്തുന്നതിന് | ജൂൺ, ജൂലൈ | രക്ഷിതാക്കൾ | |
| 6 | ബേസിക് സയൻസ് | 4) പൂക്കാം കാണ്ണാം- പൂവിന്റെ പ്രധാന ഭാഗങ്ങൾ സ്വയം കണ്ടു മനസ്സിലാക്കൽ, ഐസിടി പ്രദർശനം | 3) പ്രഥമ ശുശ്രൂഷയുടെ പ്രാധാന്യം മനസ്സിലാക്കൽ<br>4) പൂക്കളെ കുറിച്ചുള്ള ധാരണ | ഓഗസ്റ്റ്, സെപ്റ്റംബർ | രക്ഷിതാക്കൾ, സയൻസ് ക്ലബ് അംഗങ്ങൾ | |
| | | 1) പച്ചക്കറി ത്തോട്ടം ഔഷധ ത്തോട്ടം ശലഭോദ്യാനം | | ഒക്ടോബർ,നവംബർ | കുട്ടികൾ | |
| | | 2) നഴ്സറി സന്ദർശനം ബഡ്ഡിംഗ് ഗ്രാഫ്റ്റിംഗ് ലയറിങ് പരിശീലനം ശരിയായ വള പ്രയോഗം | 1) ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ<br>2) ശാസ്ത്ര പ്രക്രിയ ശേഷി | ഡിസംബർ ജനുവരി ഫെബ്രുവരി | ശാസ്ത്ര അധ്യാപിക, | |

| | | | | | | |
|---|---|---|---|---|---|---|
| 7 | ബേസിക് സയൻസ് | 3) ഐസിടിയുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു .<br><br>4) ലിറ്റ്മസ് പേപ്പർ നിർമ്മാണം<br><br>1) കളിയിൽ നിന്ന് കാര്യത്തിലേക്ക് - സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാന തല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ ഓരോ | വികസിപ്പിക്കുക, ശാസ്ത്ര കാർഷികോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക<br>3) ശാസ്ത്ര നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു<br><br>4) വിവിധ സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ<br><br>1) സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാന തല അറിവുകൾ ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ | ജൂൺ മുതൽ<br><br>സെപ്റ്റംബർ മുതൽ<br><br>നവംബർ മുതൽ | ഐടി അധ്യാപകർ<br><br>കാർഷിക ക്ലബ്ബ് പിടിഎ<br><br>കാർഷിക ക്ലബ്ബ് പിടിഎ<br><br>ശാസ്ത്ര അധ്യാപിക | |

| | | | | | | |
|---|---|---|---|---|---|---|
| 5,6,7 | സാമൂഹ്യശാസ്ത്രം | പഠിതാവിനും നൽകുന്നു.<br><br>അന്തർദേശീയ തല മുതൽ ജില്ലാതലം വരെയുള്ള നദികൾ പ്രകൃതി തലസ്ഥാനങ്ങൾ വൈവിധ്യങ്ങൾ ഇടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ഐസിടി സാധ്യതകൾ ഉപയോഗിച്ച് മെമ്മറി ടെസ്റ്റ് നടത്തുന്നു .<br>2) വെർച്ചൽ ഫീൽഡ് ട്രിപ്പ്<br><br>3) വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്- ഗ്രാമസഭ വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാന തലം | 2) പഠിതാക്കളെ ചരിത്രാവബോധമുള്ളവരാക്കി മാറ്റിയെടുക്കുക<br><br>3) ജനാധിപത്യപരമായ ജീവിത | ജൂലൈ<br><br>ഒരു വർഷം | ശാസ്ത്ര അധ്യാപിക<br><br>സോഷ്യൽ സയൻസ് അധ്യാപിക, സോഷ്യൽ സയൻസ് ക്ലബ് | |

| | | | | | | |
|---|---|---|---|---|---|---|
| | | മനസ്സിലാക്കുക.<br><br>4) പ്രകൃതി ദുരന്തങ്ങൾ: ഭൂകമ്പം സുനാമി കൊടുങ്കാറ്റ് വെള്ളപ്പൊക്കം ഉരുൾപൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതിദുരന്തങ്ങളുടെ തീവ്രതയെ കുറിച്ച് മനസ്സിലാക്കുകയും സേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ ഡെമോൺസ്ട്രേഷൻ ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളും ഏർപ്പെടുന്നതിൽ പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു<br><br>5) സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷാ ഉദ്യോഗസ്ഥരുടെയും | സമീപനം രൂപപ്പെടുത്തുക.<br><br>4) പ്രകൃതിദുരന്തങ്ങളെ കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ പ്രാപ്തരാക്കുക | അക്കാദമിക വർഷം മുഴുവൻ<br><br>അക്കാദമിക വർഷത്തിൽ ഒരിക്കൽ<br><br>ജൂലൈ ആഗസ്റ്റ് മാസത്തിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ<br><br>രക്ഷിതാക്കൾ സാമൂഹ്യശാസ്ത്ര അധ്യാപകർ<br><br>സാമൂഹ്യശാസ്ത്ര | |

| | | | | | | |
|---|---|---|---|---|---|---|
| | | ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ സൈബർ കുറ്റകൃത്യം എന്നിവ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | 5) വിവര വിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെ കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെ കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | അക്കാദമിക വർഷം ആരംഭം ജൂൺ ജൂലൈ | അധ്യാപകർ, അഗ്നിശമന സേന ഉദ്യോഗസ്ഥർ അഗ്നിശമന സേന ഉദ്യോഗസ്ഥർ<br>സാമൂഹ്യശാസ്ത്ര അധ്യാപകർ | |

| | | | | | | |
|---|---|---|---|---|---|---|
| 1 | മേഖല :അക്കാദമികം<br>ഉപമേഖല: ഇംഗ്ലീഷ് | 1) കാർട്ടൂൺ പ്രദർശനം സിനിമ പ്രദർശനം | 1) ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾക്കുവാനുള്ള അവസരം ഒരുക്കൽ | ജൂൺ മുതൽ മാർച്ച് വരെ ഓരോ മാസത്തിലും 3 ക്ലാസ് വീതം | ഇംഗ്ലീഷ് അധ്യാപിക | |
| 2 | മേഖല: അക്കാദമികം<br>ഉപമേഖല: ഇംഗ്ലീഷ് | 1)Let's talk.... പ്രതിഭാധനരുമായി സംവദിക്കൽ.<br>2)ഇംഗ്ലീഷ് അസംബ്ലി വൺ ഡേ ഇംഗ്ലീഷ്. | ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരിക്കുവാനുള്ള അവസരം ഒരുക്കൽ. | ജൂൺമുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |
| 3 | മേഖല: അക്കാദമികം<br>ഉപമേഖല :ഇംഗ്ലീഷ് | 1) ക്ലാസ് ലൈബ്രറി വികസനം<br>2) വാർത്താവായന മത്സരം സംഘടിപ്പിക്കൽ | ആശയം അറിഞ്ഞും ഒഴുക്കോടെയും ഉള്ള വായന | ജൂൺ മുതൽ മാർച്ച് വരെ | ഇംഗ്ലീഷ് അധ്യാപിക | |
| 4 | മേഖല: അക്കാദമികം<br>ഉപമേഖല: ഇംഗ്ലീഷ് | 1) ഇംഗ്ലീഷ് അസംബ്ലി ആഴ്ചയിൽ ഒരു ദിവസം | 1) ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതുവാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ | ജൂൺ മുതൽ മാർച്ച് വരെ | ഇംഗ്ലീഷ് അധ്യാപിക | |
| | | 2) ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാരരൂപങ്ങൾ ആക്കി | 2) സർഗ്ഗാത്മകതാ പരിപോഷണം | ജൂൺ മുതൽ മാർച്ച് വരെ മാസത്തിൽ ഓരോ വ്യവഹാരരൂപങ്ങൾ മാത്രം | ഇംഗ്ലീഷ് അധ്യാപിക | |

| | | | | | | |
|---|---|---|---|---|---|---|
| 5 | ഇംഗ്ലീഷ് | അവതരിപ്പിക്കൽ സ്കിറ്റ് ഡ്രാമ കോൺവെർസേഷൻ സ്റ്റോറി ടെല്ലിങ്<br><br>1) ബ്രേക്കിംഗ് ന്യൂസ് - ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്തു കേൾപ്പിക്കുന്നു ശരിയായ ഉച്ചാരണം ശ്രവിക്കാൻ അവസരം ഒരുക്കുന്നു.<br><br>2) റീഡർ ഓഫ് ദി ഇയർ - ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകി റീഡർ ഓഫ് ദി ഇയറിനെ ആദരിക്കുന്നു | 1) ശരിയായ ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കാനും ഉള്ള അവസരം ഒരുക്കുന്നു.<br><br>2) ബോധക വായന പരിശീലിപ്പിക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ<br><br>ജൂൺ മുതൽ മാർച്ച് വരെ | ഇംഗ്ലീഷ് അധ്യാപിക<br><br>ഇംഗ്ലീഷ് , അധ്യാപിക | |
| 6 | ഇംഗ്ലീഷ് | 1)Alphabet writing Reading cards<br><br>2) Text book reading newspaper reading story book reading Picture description | 1) Check in previous knowledge<br><br>2) To improve reading and writing | Throughout a year | English Teacher | |

| | | | | | | |
|---|---|---|---|---|---|---|
| 7 | English | 1) watching English news and documenta ry<br>2) English assembly<br>3) speech on different topics | To improve listening skill and speaking skill | Daily<br><br>Weekly<br><br>Monthly | English Teacher | |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| 1<br><br><br><br><br><br><br><br><br><br><br><br><br><br><br>2 | മേഖല:<br>അക്കാദമികം<br>ഉപമേഖല:<br>ഗണിതം<br><br><br><br><br><br><br><br><br><br><br>മേഖല<br>:അക്കാദമി<br>കം<br>ഉപമേഖല | 1) ഗണിത<br>മാഗസിൻ<br>2) ജാമിതീയ<br>രൂപങ്ങളുടെ<br>നിർമ്മാണം<br>3) ഗണിത<br>ക്യാമ്പ്-<br>ഗണിത<br>പ്രവർത്തന<br>ങ്ങൾ<br>കളിയിലൂടെ<br><br>1) ഒരു ദിനം<br>ഒരു ചോദ്യം-<br>കസൃതി<br>കണക്കുകളും<br>ഗണിതപാ<br>സിലുകളും<br>പരിചയപ്പെട | കളികളും<br>നിർമ്മാണ<br>പ്രവർത്തന<br>ങ്ങളും<br>ഉൾപ്പെടു<br>ത്തി<br>ഗണിതം<br>ലളിതമാക്ക<br>ൽ<br><br><br><br><br>ഗണിത<br>ചിന്താശേഷി<br>വളർത്തൽ | ജൂൺ<br>മുതൽ<br>മാർച്ച് വരെ<br><br>സെപ്റ്റംബർ<br><br><br>ജൂൺ<br><br><br><br>ആഴ്ചയിൽ<br>ഒന്ന് വീതം | കുട്ടികൾ<br>രക്ഷിതാക്ക<br>ൾ<br>അധ്യാപിക<br><br>ക്ലാസ് ടീച്ചർ<br><br><br>ക്ലാസ് ടീച്ചർ<br><br><br>ക്ലാസ് ടീച്ചർ | |

| | | | | | | |
|---|---|---|---|---|---|---|
| | :ഗണിതം | ൽ. | | | | |
| 3 | മേഖല :അക്കാദമികം<br>ഉപമേഖല: ഗണിതം | 1) ഒറിഗാമി ശിൽപ്പശാല രസകരമായി ഗണിത പഠനവും നിർമ്മാണ പ്രവർത്തനങ്ങളിലൂടെ ആസൂത്രണവും. ഒറിഗാമിഗ്രാം രൂപങ്ങൾ<br><br>2) ഗണിതോത്സവം | ജാമിതീയ സൗന്ദര്യം തിരിച്ചറിയാം | ജൂൺ മുതൽ ഒക്ടോബർ വരെ | പിടിഎ<br>എസ് ആർ ജി | |
| 4 | മേഖല: അക്കാദമികം<br>ഉപമേഖല :ഗണിതം | 1) വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ നടപ്പാക്കൽ (ഏണിയും പാമ്പും ചുയന്ത്രകളിൽ കച്ചവടക്കളി )<br><br>2) പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണവും പ്രദർശനവും<br><br>1) | 2) ഗണിതം ലളിതമാക്കാം കളികളിലൂടെ<br><br>1) ഗണിത പഠനം രസകരമാക്കൽ ചതുഷ്ക്രിയകൾ ലളിതമാക്കൽ<br><br>2) പഠനോപകരണങ്ങളിലൂടെ ഗണിത | ജനുവരി<br><br>ഒരു വർഷം മുഴുവൻ<br><br>ആവശ്യാനുസരണം | SRG<br>ക്ലാസ് ടീച്ചർ<br><br>SRG<br>ക്ലാസ് ടീച്ചർ<br><br>CPTA<br>ക്ലാസ് ടീച്ചർ | |

| | | | | | | |
|---|---|---|---|---|---|---|
| 5, 6,7 | ഗണിതം | വിവിധതരം ചതുർഭുജങ്ങൾ വൃത്ത പാറ്റേൺ എന്നിവയുടെ നിർമ്മിതി.<br>2) വലിയ സംഖ്യകൾ വായിക്കാനുള്ള പ്രവർത്തനങ്ങൾ സ്ഥാനവിലാ പോക്കറ്റ് നിർമ്മാണം<br>3) ചതുരഹരണം പരിചയപ്പെടൽ സംഖ്യകളുടെ മടങ്ങും കണ്ടെത്തൽ<br>4) കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു ഉദാഹരണമായി നമ്പർ കാർഡ് മഞ്ചാടിക്കുരുക്കൾ ഫ്ലാഷ് കാർഡ് | പഠനം രസകരമാക്കൽ<br>1) വരകളും വ ട്ടങ്ങളും- ചതുർഭുജങ്ങൾ വൃത്തകേന്ദ്രം ആരം വൃത്ത പാറ്റേൺ എന്നിവ പരിചയപ്പെടുന്നത് വൃത്ത കേന്ദ്രം, ആരം,വൃത്ത പാറ്റേൺ എന്നിവ കൂടുതൽ അടുത്തറിയൽ<br>2) സംഖ്യാലോകം വലിയ സംഖ്യകൾ വായന സ്ഥാനവില എന്നിവ മനസ്സിലാക്കാൻ<br>3) ഭരണരീതികൾ<br>4) അടിസ്ഥാന ഗണിതക്രിയകൾ എല്ലാ പഠിതാക്കൾ | ജൂൺ<br>ജൂലൈ മുതൽ മാർച്ച്<br>സെപ്റ്റംബർ മുതൽ മാർച്ച് വരെ | ഗണിത അധ്യാപിക<br>ഗണിത അധ്യാപിക<br>ഗണിത അധ്യാപിക<br>ഗണിത അധ്യാപകൻ | |

| | | | | | | |
|---|---|---|---|---|---|---|
| | ഗണിതം | എന്നിവ<br>ഉപയോഗി<br>ക്കന്നു<br>5)<br>ജാപ്പനീസ്<br>കലയായ<br>ഒരി<br>ഗാമിയിലൂടെ<br>ഗണിതശേ<br>ഷികൾ<br>കൈവരിക്ക<br>ന്നതിനുള്ള<br>പരിശീലനം<br>നൽകൽ<br>ഗണിത<br>പരിശീലനം<br>നൽകൽ.<br>വിവിധ<br>രൂപങ്ങൾ<br>നിർമ്മിക്ക<br>ൽ..<br>അവയുടെ<br>ഗണിത<br>സവിശേഷത<br>കൾ<br>പട്ടികപ്പെടു<br>ത്തൽ<br>പ്രശ്ന<br>സംഘടിപ്പി<br>ക്കാൻ<br>സവിശേഷത<br>കൾ<br>പട്ടികപ്പെടു<br>ത്തൽ<br>പ്രശ്നം<br>സംഘടിപ്പി<br>ക്കൽ.<br><br>6) ഗണിത<br>ക്ലിനിക്ക്-<br>ഗണിതത്തി<br>ൽ<br>പിന്നോക്കം<br>നിൽക്കുന്ന<br>കുട്ടികളെ<br>കണ്ടെത്തി<br>ഗണിത<br>അധ്യാപക<br>രും<br>മുൻനിരയി | കം<br>ഉറപ്പുവരുത്തു<br>ന്നു<br><br>5)<br>രസകരമായ<br>ഗണിതശാസ്ത്ര<br>പഠനവും കര<br>ചലനശേഷി<br>യിലൂടെയുള്ള<br>വികാസവും<br><br>.... | ജൂൺ<br>മുതൽ<br>ഫെബ്രുവരി<br>വരെ<br><br>ജനുവരി<br>ഫെബ്രുവരി<br>മാർച്ച് | ഗണിത<br>അധ്യാപിക | |

- **സംസ്കൃതം ലൈബ്രറി**
  സംസ്കൃതഗ്രന്ഥങ്ങൾ, ബാലകഥകൾ, ബാലകവിതകൾ, ജീവചരിത്രഗ്രന്ഥങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തി സംസ്കൃത ലൈബ്രറിയുടെ നിർമ്മാണം.

- **സംസ്കൃതദിനാചരണം**
  സംസ്കൃതദിനം വിവിധ പരിപാടികളോടെ സമുചിതമായി ആചരിക്കൽ

- **സംസ്കൃത അസംബ്ലി**
  വിവിധ ദിനാചരണങ്ങളോടനുബന്ധിച്ച് സ്കൂൾ തലത്തിൽ അസംബ്ലി അവതരിപ്പിക്കൽ.

- **സംസ്കൃതസംഭാഷണ ശിബിരം**
  സംഭാഷണപാടവം മെച്ചപ്പെടുത്താനായി സംഭാഷണശിബിരങ്ങൾ സംഘടിപ്പിക്കൽ

- **പഠനയാത്രകൾ സംഘടിപ്പിക്കൽ**
  സംസ്കൃതകൗൺസിലിന്റെ നേതൃത്വത്തിൽ പഠനയാത്രകൾ സംഘടിപ്പിക്കൽ.

- **വിവിധ മത്സരങ്ങൾ**
  കഥാരചന, കവിതാരചന, ഉപന്യാസരചന, പ്രശ്നോത്തരി തുടങ്ങിയ മത്സരങ്ങൾ സംഘടിപ്പിക്കൽ.

- **മികച്ച വിദ്യാർത്ഥികൾക്ക് മത്സരപ്പരീക്ഷകൾക്കുള്ള പ്രത്യേകപരിശീലനം**
  സംസ്കൃതം സ്കോളർഷിപ്പ് പരീക്ഷ, യു എസ് എസ് പരീക്ഷ, രാമായണം പ്രശ്നോത്തരി എന്നിവയ്ക്ക് പ്രത്യേക പരിശീലനം നൽകൽ.

- **ഐ ടി സാധ്യതകളെ പ്രയോജനപ്പെടുത്തൽ**
  വിക്ടേഴ്സ്ചാനൽ, സമഗ്ര പോർട്ടൽ തുടങ്ങിയവ വഴി സാങ്കേതികവിദ്യയുടെ സാധ്യതകളെ പ്രയോജനപ്പെടുത്തൽ. സംസ്കൃതം സിനിമകൾ, ഷോർട്ട് ഫിലിമുകൾ , ഡോക്യുമെന്ററികൾ തുടങ്ങിയവ പ്രദർശിപ്പിക്കൽ.

| | | | |
|---|---|---|---|
| • എല്ലാ കുട്ടികൾക്കും ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ.<br>• അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക.<br>• കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേരുകൾ സംസ്കൃതത്തിൽ പഠിക്കുക.<br>• ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മകരചനകൾ വികസിപ്പിക്കാനുമുള്ള അവസരം നൽകുക.<br>• എല്ലാ കുട്ടികളും അർത്ഥപൂർണമായി വായിക്കുന്നുവെന്ന് ഉറപ്പ് വരുത്തുക.<br>• സാഹിത്യാഭിരുചി വളർത്തുന്ന പ്രവർത്തങ്ങൾ<br>• ഭാഷാശേഷി വികസിപ്പിക്കുന്നതിനായി ആധുനിക സാങ്കേതികവിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തൽ<br>• ഭാഷാലാബ് | • ടെസ്റ്റ് നടത്തി മികവുകളും പരിമിതികളും കണ്ടെത്തുന്നു.<br>• പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ<br>• പതിപ്പുകൾ, മാഗസിനുകൾ<br>• രചനാ ശില്പശാലകൾ<br>• സംസ്കൃതദിനാചരണം / അസംബ്ലി<br>• ഒഴിവുസമയങ്ങളിൽ പ്രത്യേക ക്ലാസ്<br>• വായനമൂല, പദപയറ്റ്, ചോദ്യോത്തരപയറ്റ്, നിഘണ്ടു നിർമാണം, മാഗസിൻ നിർമാണം, ദിനാചരണങ്ങൾ, പോസ്റ്റർ നിർമാണം, കഥ - ഉപന്യാസം രചിക്കൽ & അവതരണം etc...<br>• വിവിധസാഹിത്യശാഖകളെ പരിചയപ്പെടുത്തൽ, കഥ, കവിത, സുഭാഷിതങ്ങൾ, ജീവചരിത്രക്കുറിപ്പുകൾ എന്നിവ രചിച്ച് / ശേഖരിച്ച് പതിപ്പുകൾ തയ്യാറാക്കൽ etc...<br>• വിവിധ കലാരൂപങ്ങളുടെ demonstration | ജൂൺ മുതൽ മാർച്ച് വരെ | പുസ്തകങ്ങൾ വീഡിയോകൾ ചിത്രങ്ങൾ etc.. |

| ക്ര ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) 5,6,7 ക്ലാസ് അക്ഷര ബോധം ഉറപ്പിക്കൽ. ഹിന്ദി അഞ്ചാംതരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക. പഠിപ്പിച്ചെടുക്കുക. | പുതിയ പദങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസിലാക്കി കൊടുത്ത് പഠിപ്പിക്കും. ചിത്രങ്ങൾ, അക്ഷരമാല ചാർട്ട് സിഡിയിൽ അക്ഷര രചന കാണിക്കൽ എന്നിവ. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 2) ഹിന്ദി വായന: തെറ്റു കൂടാതെ ഹിന്ദി വായിക്കുവാനുള്ള പരിശ്രമം ചെയ്യും. | നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കും മറ്റ് ഹിന്ദി ചിത്രകഥകൾ അതിന്റെ സി. ഡി. താഴെ ഹിന്ദിയിൽ വാക്യമുള്ളവ കാണിക്കും. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 3) ഹിന്ദി സംസാരം: ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കി എടുക്കും നിത്യജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാരിക്കാനുള്ള ഭാഷ പരിചയപ്പെടുത്തും. | ഹിന്ദി മാത്രം മിക്കവാറും ക്ലാസുകളിൽ ഉപയോഗിക്കും. അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും. ഹിന്ദിയിൽ മാത്രം സംസാരിക്കുന്നവരെ ക്ലാസിൽ കൊണ്ടുവരും.<br>വായനയ്ക്ക്..........<br>ഹിന്ദി തെറ്റിച്ച് അധ്യാപകൻ വായിക്കും കുട്ടികൾ ശ്രദ്ധയോടെ അത് ശരിയാക്കി വായിക്കും.<br>Readery fight മത്സരവായന തെറ്റാതെ ആവർത്തിക്കാതെ പാസില്ലാതെ കൂടുതൽ വരി വായിക്കണം. ആ കുട്ടിക്ക് സമ്മാനം നൽകുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |

മേഖല - കലാകായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ സർഗാത്മക കഴിവുകൾ കണ്ടെത്തുക. | ക്ലബുകളാക്കി തിരിക്കൽ | ജൂൺ മുതൽ | അധ്യാപകർ<br>പി.ടി.എ | |
| ഓരോ കുട്ടിയുടേയും സവിശേഷമായ കഴിവിന്റെ വികാസത്തിന് അവസരമൊരുക്കുക. | ചിത്രരചന<br>ചിത്രരചനയിൽ പ്രാവീണ്യമുള്ള പൂർവ്വ വിദ്യാർത്ഥികളെ സംഘടിപ്പിച്ച് കുട്ടികൾക്ക് പരിശീലനം നൽകൽ. ബി.ആർ.സി അധ്യാപകരുടെ സഹായം | " | അധ്യാപകർ | 5000<br>പി.ടി.എ |
| ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ കലാപരിശീലനത്തിനായി പ്രയോജനപ്പെടുത്തുക. | കമ്പ്യൂട്ടറിന്റെ സഹായത്തോടെ ചിത്രംവര- നിറം നൽകൽ | " | " | |
| എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പാക്കുക. | സംഗീത ഉപകരണങ്ങളുടെ സഹായത്തോടെ മാസ്ഡ്രിൽ | ജൂൺ-മാർച്ച് | " | 20000<br>പി.ടി.എ |
| ആരോഗ്യശീലങ്ങൾ<br>ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരങ്ങൾ ഉണ്ടാക്കുക. | പൂർവ്വ വിദ്യാർത്ഥിയായ കായികാധ്യാപകന്റെ സഹായത്തോടെ കുട്ടികൾക്ക് വോളിബോൾ, ലോംഗ് ജംപ്, ഹൈജംപ്, എന്നിവയിൽ പരിശീലനം<br>**യോഗ പരിശീലനം**<br>രണ്ടാഴ്ചയിലൊരിക്കൽ കുട്ടികൾക്ക് യോഗ പരിശീലനം | ആഴ്ചയിൽ ഒരു ദിവസം<br>ജൂൺ- മാർച്ച് വരെ രണ്ടാഴ്ചയിലൊരിക്കൽ | അധ്യാപകർ<br>പൂർവ്വ വിദ്യാർത്ഥികൾ | |

## മേഖല – ലൈബ്രറി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ബുദ്ധിയും ചിന്തയും തെളിച്ചമാക്കൽ | ലൈബ്രറി നവീകരണം<br>സ്കൂളിന് ഒരു വായനാമുറി<br>എല്ലാ ക്ലാസിലും ക്ലാസ് ലൈബ്രറി | | വിദ്യാരംഗം, കൺവീനർ, ഹെഡ്മിസ്ട്രസ്, സ്കൂൾ ലൈബ്രേറിയൻ | ലൈബ്രറി കൗൺസിൽ, 5000 |
| ജിജ്ഞാസ ഉണർത്തൽ | പാഠപുസ്തകങ്ങളുമായി ബന്ധപ്പെട്ട റഫറൻസ് ബുക്കുകൾ എല്ലാ ക്ലാസ് ലൈബ്രറികളിലും ലഭ്യമാക്കൽ | | അധ്യാപകർ | |
| | ബാലമാസികകൾ, പത്രം, യുറീക്ക മുതലായവ എല്ലാ ക്ലാസ് ലൈബ്രറികളിലും ഉറപ്പാക്കൽ<br>ഹിന്ദി, ഇംഗ്ലീഷ് പത്രങ്ങളുടെ ലഭ്യത ഉറപ്പാക്കൽ | | ക്ലാസ് ടീച്ചർ<br>അധ്യാപകർ | |
| | അടുത്തുള്ള വായനാശാലയിൽ അധ്യാപകർക്കും കുട്ടികൾക്കും, രക്ഷിതാക്കൾക്കും അംഗത്വം ഉറപ്പാക്കൽ<br>ലൈബ്രറി കൗൺസിലിന്റെ വായനാമത്സരത്തിൽ കുട്ടികളെ പങ്കെടുപ്പിക്കൽ, പിറന്നാളിന് പുസ്തകം, പത്രവായന, പുസ്തക പരിചയം, എല്ലാദിവസവും അസംബ്ലിയിൽ അധ്യാപകരും കുട്ടികളും | ഓരോ ടേമിലും | പി.റ്റി.എ<br>ഹെഡ്മിസ്ട്രസ് | 5000<br>പി.റ്റി.എ |
| | പ്രാദേശിക എഴുത്തുകാരെ കണ്ടെത്തി പങ്കെടുപ്പിച്ച് പുസ്തക ചർച്ച, ഓരോ കുട്ടിയും വായിച്ച പുസ്തകങ്ങളുടെ കുറിപ്പ് തയ്യാറാക്കൽ | ഫെബ്രുവരി<br>മാർച്ച് | അധ്യാപകർ | |
| | മികച്ച വായനക്കാർക്ക് സമ്മാനം CWSN കുട്ടികൾക്ക് ഐ.സി.റ്റി സഹായത്തോടെ പുസ്തക പരിചയം | | അധ്യാപകർ | 1000 |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നിർമ്മാണ കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക. | പ്രവൃത്തിപരിചയത്തിന്റെ ഭാഗമായി കടലാസുകൊണ്ടുള്ള പൂക്കൾ, ക്ലേ മോഡലിങ്ങ്, ചന്ദനത്തിരി നിർമ്മാണം, സോപ്പുനിർമ്മാണം, എന്നിവയിൽ കുട്ടികളെ പ്രാപ്തരാക്കുക. വിതരണം | ജൂൺ മുതൽ | അധ്യാപകർ പി.റ്റി.എ | 5000 |
| പാഴ്‌വസ്തുക്കളിൽ നിന്ന് പഠനോപകരണങ്ങളോ, പ്രയോജനകരമായ ഉൽപ്പന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക. | ചകിരികൊണ്ടുള്ള ഉൽപ്പന്നങ്ങൾ, പാഴ്വസ്തുക്കൾ കൊണ്ടുള്ള ഉൽപ്പന്നങ്ങൾ എന്നിവ നിർമ്മാണത്തിന് കുട്ടികളെ പ്രാപ്തരാക്കുക. | ജൂൺ മുതൽ | അധ്യാപകർ പി.റ്റി.എ | കുട്ടികളിൽ നിന്ന് |
| കുട്ടികളിൽ സംഗീതാഭിരുചി വളർത്തുക. | സംഗീതത്തിൽ താല്പര്യമുള്ള കുട്ടികൾക്ക് ആഴ്ചയിലൊരു ദിവസം സംഗീത പഠനം | ആഴ്ചയിൽ ഒരു ദിവസം | അധ്യാപകർ | പി.റ്റി.എ |

## പ്രതീക്ഷിത നേട്ടം

1. ശിശു സൗഹൃദപരമായ അന്തരീക്ഷത്തിൽ മികച്ച പഠനം ഒരുക്കുന്നു.
2. ക്യാമ്പസ് ഒരു പാഠപുസ്തകമാകുന്നു.
3. ഡിജിറ്റലൈസ്ഡ് ലൈബ്രറി, റീഡിങ്ങ് റൂം എന്നിവയ്ക്ക് രൂപം നൽകൽ
4. ആധുനിക സൗകര്യങ്ങളോടു കൂടിയ സയൻസ്, ഗണിതം എന്നീ വിഷയങ്ങളുടെ എല്ലാവിധത്തിലുമുള്ള പ്രവർത്തനങ്ങൾക്കും ലബോറട്ടറി
5. ഹൈടെക് ക്ലാസ് മുറികൾ, മൾട്ടിമീഡിയ റൂം എന്നിവ ഒരുക്കുന്നു.

## മോണിറ്ററിങ്ങ്

വിദ്യാലയ വികസന സമിതിയുടേയും വിവിധ കമ്മിറ്റികളുടേയും ആഭിമുഖ്യത്തിൽ മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ മോണിറ്ററിങ്ങ് നടത്തി നിലവാരം ഉറപ്പു വരുത്തുന്നു.

## ഉപസംഹാരം

പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കുന്നത് മൂലം വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിനും തന്മൂലം നല്ല സമൂഹത്തെ വാർത്തെടുക്കുന്നതിനും ഉപകരിക്കുമെന്നതിനാൽ ഞങ്ങൾ സമർപ്പിക്കുന്ന ഈ മാസ്റ്റർ പ്ലാൻ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

## നന്ദി